# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 895 11.07.2016 -ൽ മറുപടിക്ക്

## കാലവർഷക്കെടുതിയിൽ നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി യു. പ്രതിഭാ ഹരി** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കായംകുളം അസംബ്ലി മണ്ഡലത്തിൽ ഈ മൺസൂൺ കാലത്തോടനുബന്ധിച്ചുണ്ടായ കാലവർഷക്കെടുതിയിൽ പാർപ്പിടങ്ങൾക്കും കൃഷികൾക്കും വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ എത്ര രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | 69 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ള വകയിൽ ആകെ 3,89,600/-രൂപയുടെ നഷ്ടവും 24,56,824/- രൂപയുടെ കൃഷിനാശവും കണക്കാക്കിയിട്ടുണ്ട്. |
| സി) | ദുരിത ബാധിതർക്കായി എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | സി) | കായംകുളം നിയോജകമണ്ഡലത്തിന്റെ ഭാഗമായ കീരിക്കാട്, പുതുപ്പള്ളി, കൃഷ്ണപുരം എന്നീ പ്രദേശങ്ങളിൽ പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിച്ചവരെ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചിരുന്നതും, അവർക്ക് ഭക്ഷണം നൽകിയിട്ടുള്ളതുമാണ്. ഭവനനാശം, കൃഷിനാശം എന്നിവ സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം അർഹമായ ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ